ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സംസ്ഥാനത്തിന് പുറത്തു നിന്നും കോഴികളെ കൊണ്ടുവന്ന് കേരളത്തിൽ കച്ചവടം ചെയ്യരുതെന്ന നിയമം നിലവിലില്ല. എന്നാൽ ചെക്ക് പോസ്റ്റിലൂടെയും അല്ലാതെയും അനധികൃതമായി കോഴികളെ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് കർശനമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മതിയായ രേഖകളില്ലാതെ കോഴികളെ കടത്തിക്കൊണ്ട് വരുന്നവരിൽ നിന്നും നികുതിത്തുകയുടെ ഇരട്ടിതുകയാണ് സെക്യൂരിറ്റിയായി ഈടാക്കിവരുന്നത്. സമാന്തര റോഡുകൾ വഴിയുള്ള കടത്തുകൾ തടയാൻ നിലവിലുള്ള ചെക്ക് പോസ്റ്റുകൾക്ക് പുറമെ താല്ക്കാലിക ചെക്ക് പോസ്റ്റുകളും സാറ്റലൈറ്റ് ചെക്ക് പോസ്റ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വില്പന നികുതി വകുപ്പിലെ ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ വകുപ്പ് വ്യാപകമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കാണപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നിയമാനുസൃതമായ അച്ചടക്ക നടപടികൾ കൈക്കൊണ്ടു വരികയാണ്. ചില കേസുകൾ ഇപ്പോൾത്തന്നെ വിജിലൻസ് അന്വേഷണത്തിലാണ്. കേരളത്തിലെ കോഴി കൃഷിക്കാരെ സംരക്ഷിക്കുന്നതിനായി കഴിഞ്ഞവർഷം ബഡ്ജറ്റിലൂടെ കൊണ്ടുവന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാനായി എസ്. ആർ.ഒ. 291/2000, 877/2000 എന്നീ നമ്പർ ഉത്തരവുകൾ ഗവൺമെന്റ് ഇറക്കിയിട്ടുണ്ട്.

(8) കായംകുളം നിയോജകമണ്ഡലത്തിലെ മരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജി. സുധാകരൻ : സർ, കായംകുളം മണ്ഡലത്തിലും കേരളത്തിലാകെയും മാതൃകാപരവും പ്രശംസനീയവുമായ മരാമത്ത് പണികൾ നടത്തി ചരിത്രം കുറിച്ച സർക്കാരാണ് അങ്ങയുടേതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ എന്റെ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളായി ബഡ്ജറ്റിൽ സ്ഥാനം പിടിച്ചിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് പണികൾ ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മുട്ടം - കായംകുളം റോഡ്, കായംകുളം - കാർത്തികപ്പള്ളി റോഡ്, കെ. പി. റോഡ് - രണ്ടാം കുറ്റിപ്പാലം, കായംകുളം സർക്കാർ ആശുപത്രിയിൽ നൂറ് കിടക്കകളുള്ള കെട്ടിടം, കരീലകുളങ്ങര ബാക്ക് വാട്ടർ റോഡ്, സി.പി.സി.ആർ. ഐ.യ്ക്ക് സമീപമുള്ള മാമ്പ്രകുന്നേൽ പാലത്തിന്റെ പുനർനിർമ്മാണം, എരുവ പാലത്തിന്റെ അപ്രോച്ച് റോഡ്. ഇതിൽ പലതിനും ബഡ്ജറ്റിൽ ആവശ്യമായ പ്രൊവിഷൻസുണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല. ഈ ബഡ്ജറ്റ് വർഷത്തിൽത്തന്നെ ഈ പണികൾ ആരംഭിക്കാൻ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മൂട്ടം - കായംകുളം റോഡ്, കെ. പി.റോഡ്, രണ്ടാം കുറ്റിപ്പാലം റോഡ് എന്നിവയുടെ പണികൾക്കുള്ള ടെന്റർ പരിഗണനയിലാണ്. കായംകുളം-കാർത്തികപ്പള്ളി റോഡിന്റെ 12 കിലോമീറ്റർ വരെയുള്ള ഭാഗത്തുള്ള പണികൾ കരാർ ഏർപ്പെടുത്തി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. കരീലക്കുളങ്ങര ബാക്ക് വാട്ടർ റോഡിന്റെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി പരിശോധനയിലാണ്. എരുവ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ എസ്റ്റിമേറ്റിന്റെ ഭരണാനുമതിക്കുവേണ്ടി ഇപ്പോൾ ഫയൽ വന്നിട്ടുണ്ട്. കായംകുളത്തിനടുത്ത് സി.പി.സി.ആർ.ഐ.യ്ക്ക് മുൻപിലുള്ള പാലം സുരക്ഷിതവും സഞ്ചാര യോഗ്യവുമാണ്. ഇപ്പോൾ രണ്ടുവരി പാതയായി ബലപ്പെടുത്തിക്കൊണ്ടിരുന്ന ഹരിപ്പാട് - കൃഷ്ണപുരം റോഡിനെ നാലുവരി പാതയായി ഉയർത്തുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നുവരികയാണ്. ഇതിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ പാലത്തിന് വീതി കൂട്ടാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. കായംകുളം സർക്കാർ ആശുപത്രിയുടെ 100 കിടക്കകളുള്ള വാർഡിന്റെ നിർമ്മാണത്തിന് 1-1-1996-ൽ സൈറ്റ് കരാറുകാരന് ഹാന്റ്-ഓവർ ചെയ്തതാണ്. ഇതുവരെ ഈ പണിക്ക് 43 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇനിയും മെറ്റീരിയൽസ് ഉൾപ്പെടെ ഈ പണിക്ക് 10 ലക്ഷം രൂപകൂടി കൊടുക്കാനുണ്ട്. വർക്ക്സൈറ്റിൽ നിന്നും മെറ്റീരിയൽസ് നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വാർഡിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ സ്ട്രക്ച്ചർ ഏകദേശം പൂർത്തിയായിട്ടുണ്ട്.. എന്നാൽ 10/99-നുശേഷം റേറ്റ് വർദ്ധിപ്പിച്ച് കിട്ടണമെന്നാവശ്യപ്പെട്ട് കരാറുകാരൻ പണി നിർത്തിവച്ചിരിക്കുകയാണ്. ഈ കരാറുകാരനെ ഒഴിവാക്കി അയാളുടെ റിസ്കിൽ ബാക്കി പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(9) ആലപ്പുഴ നഗരത്തിലെ കണ്ണൻവർക്കി, വൈ.എം.സി.എ. പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ആലപ്പുഴ നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് 'ഗുരുതരമായ ഭീഷണി ഉയർത്തിക്കൊണ്ട് രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായി കിടക്കുന്നു. ഒന്നര വർഷം മുൻപ് ബഹുമാനപ്പെട്ട മന്ത്രി തറക്കല്ലിട്ട വൈ. എം. സി. എ. പാലത്തിന്റെയും ഒരു വർഷം മുമ്പ് തറക്കല്ലിട്ട കണ്ണൻവർക്കി പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്ന സ്ഥിതിയാണുള്ളത്. ദേശീയ പാതയുമായി ബന്ധപ്പെടുത്തുന്ന, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ആളുകൾ ഉപയോഗിക്കുന്ന പാലങ്ങളാണ് ഇവ. കരാറുകാർക്ക് കാശ് കിട്ടുന്നില്ലെന്നുപറഞ്ഞ് കരാറുകാർ പണി നിർത്തിവച്ചിട്ട് അഞ്ച് മാസത്തോളമായി. ഇപ്പോൾ ആലപ്പുഴ നഗരമാകെ ഗതാഗതക്കുരുക്കിലാണ്. ഈ കാര്യം നിരവധി പ്രാവശ്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മന്ത്രി ഒരു വർഷം കൊണ്ട് പാലങ്ങൾ തുറന്നുകൊടുക്കുമെന്ന് ഉറപ്പ് തന്നിരുന്നതാണ്. പക്ഷെ അത് നടന്നിട്ടില്ല. മെറ്റീരിയൽസിന്റെ കാശ് പോലും കൊടുക്കാൻ ഡിപ്പാർട്ടുമെന്റ് തയ്യാറാകുന്നില്ലെന്നാണ് കരാറുകാർ പറയുന്നത്. അതുകൊണ്ട് ഈ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly